**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **28-01-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാക്കിയെന്ന ചരിത്രപരമായ നേട്ടം കൈവരിക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **1. ഭൂമി ഏറ്റെടുക്കൽ നടപടികൾ (Land Acquisition)**<br>• സമയബന്ധിതമായ ഏറ്റെടുക്കൽ: തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഏകദേശം 230 ഏക്കറിലധികം ഭൂമി വിവിധ ഘട്ടങ്ങളിലായി സർക്കാർ ഏറ്റെടുത്തു.<br>**2. പുനരധിവാസ പാക്കേജ് (Rehabilitation & Resettlement)**<br>• തുറമുഖ വികസനം മൂലം ജീവനോപാധി ഭാഗികമായും പൂർണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കൾക്കായി ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ച പുനരധിവാസ പാക്കേജുകളിലൊന്നാണ് സർക്കാർ നടപ്പിലാക്കിയത്.<br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം തൊഴിലും ഉപജീവനവും നഷ്ടപ്പെട്ട തദ്ദേശീയ മത്സ്യത്തൊ ഴിലാളി വിഭാഗങ്ങളിൽ അർഹരായവർക്ക് സർക്കാർ ആജീവനാന്ത നഷ്ടപരിഹാരം അനുവദിച്ചതിന്റെ വിശദാംശ ങ്ങൾ ചുവടെ ചേർക്കുന്നു. |

| **ക്രമ നം.** | **വിഭാഗം** | **ഗുണഭോക്താക്കളുടെ എണ്ണം** | **നഷ്ടപരിഹാരത്തുക (കോടി രൂപയിൽ)** |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 296 | 13.01 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 1101 | 59.06 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ട തൊഴിലാളികൾ | 14 | 0.14 |
| 4 | കട്ടമരം ഉടമസ്ഥർ | 97 | 3.99 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 226 | 6.45 |
| 7 | സ്വയം സഹായ സംഘങ്ങൾ (4) | 33 | 0.08 |
| **ആകെ** | | **2988** | **114.30** |

നാളിതുവരെ വിവിധ വിഭാഗങ്ങളിലായി **2988 ഉപഭോക്താക്കൾക്ക് മൊത്തം ₹114.30 കോടി രൂപ** ജീവനോപാധി നഷ്ടപരിഹാരമായി സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

3. **തടസ്സങ്ങൾ നീക്കലും അനുമതികളും:**

പരിസ്ഥിതി അനുമതികൾ ഉൾപ്പെടെയുള്ള സാങ്കേതിക തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും പ്രത്യേക പരിഗണന നൽകി ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുയുണ്ടായി. കേന്ദ്ര സർക്കാരുമായുള്ള നിരന്തര ചർച്ചകളിലൂടെ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള വിവിധ ക്ലിയറൻസുകൾ വേഗത്തിൽ നേടിയെടുത്തു.

**4. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കൽ**

- പുലിമുട്ട് (Breakwater) നിർമ്മാണത്തിന് ആവശ്യമായ വലിയ കരിങ്കല്ലുകൾ ലഭ്യമാക്കാൻ വിവിധ ജില്ലകളിൽ നിന്നും ക്വാറികൾക്ക് അനുമതി നൽകുകയും അവയുടെ ഗതാഗതം സുഗമമാക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇടപെടലുകൾ നടത്തുകയും ചെയ്തു.

**5. സാമ്പത്തിക നിക്ഷേപവും വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗും.**

- തുറമുഖ വികസന മേഖലയിൽ ഒരു സംസ്ഥാന സർക്കാർ നടത്തുന്ന (5350 കോടി രൂപയുടെ) ഏറ്റവും വലിയ മൂലധന നിക്ഷേപ പദ്ധതിയാണ് വിഴിഞ്ഞം തുറമുഖപദ്ധതി.
- പുലിമുട്ട് നിർമ്മാണം (Breakwater Construction): പദ്ധതിയുടെ ഏറ്റവും പ്രധാന ഘടകമായ പുലിമുട്ട് നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 1,387 കോടി രൂപ നേരിട്ട് നിക്ഷേപിച്ചു.
- നാളിതുവരെ സംസ്ഥാന സർക്കാർ തുറമുഖ പദ്ധതിക്കായി 3604 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. തുറമുഖത്തേക്കുള്ള റെയിൽ കണക്റ്റിവിറ്റി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 1746 കോടി രൂപയോളം ഇനി സംസ്ഥാനം വഹിക്കുന്നതായിരിക്കും.
- കേന്ദ്ര സർക്കാരിൽ നിന്നുള്ള വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (VGF) ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ കൃത്യമായ നടപടികൾ സ്വീകരിച്ചിരുന്നു. 818.80 കോടി രൂപയാണ് കേന്ദ്രം ഇതിനായി അനുവദിച്ചിട്ടുള്ളത്.

**6. ഉന്നതാധികാര സമിതികളുടെ മേൽനോട്ടം (Empowered Committees)**

പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ ചേരാറുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മറ്റികളും യോഗം കൂടി ആവശ്യമായ തീരുമാനങ്ങളും നിർദ്ദേശങ്ങളും നൽകി പദ്ധതിയുടെ പുരോഗതി ഉറപ്പ് വരുത്തുന്നതിന് സഹായകരമായിരുന്നു. തടസ്സങ്ങൾ ഉടനടി പരിഹരിക്കാൻ ഈ യോഗങ്ങൾ സഹായിക്കുന്നു.

**7. രണ്ടാം ഘട്ടത്തിനായുള്ള തയ്യാറെടുപ്പുകൾ**

രണ്ടാം ഘട്ട നിർമ്മാണത്തിനായി ആവശ്യമായ പരിസ്ഥിതി അനുമതികൾ (Environmental Clearance) സർക്കാർ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. 24.01.2026-ൽ രണ്ടാം ഘട്ടത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ഇതിന്റെ തുടർച്ചയാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന തിനോടൊപ്പം തന്നെ അനുബന്ധ അടിസ്ഥാനസൗകര്യങ്ങളായ

| | | | |
|---|---|---|---|
| | | | റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66) - മായി ബന്ധിപ്പിക്കുന്ന താത്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) | തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെയും അനുബന്ധ അടിസ്ഥാന സൗകര്യവികസനത്തിന്റെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | • വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ കൃത്യമായ വിലയിരുത്തലുകൾ നടത്തുകയും നിർണ്ണായകമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>• വിഴിഞ്ഞം ഒരു പ്രധാന ട്രാൻസ്ഷിപ്പ്മെന്റ് ഹബ്ബായി വളരുന്നതിന്റെ സൂചനയായ ശക്തമായ ട്രാഫിക് വളർച്ചയും തന്ത്രപരമായ പ്രാധാന്യവും കണക്കിലെടുത്തുകൊണ്ടാണ് കേരള സർക്കാർ, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്- മായി Supplementary Concession Agreement (2024 നവംബർ 28-ന്) ഒപ്പിട്ടത്. കരാർ പ്രകാരം II, III, IV ഘട്ടങ്ങൾ സംയോജിപ്പിച്ച Capacity Augmentation ഘട്ടമായി മുന്നോട്ട് കൊണ്ടു പോകാനും നടപ്പിലാക്കാനും തീരുമാനിച്ചത്. ഈ തീരുമാനം മൂലം പദ്ധതിയുടെ പൂർണ്ണ വികസന കാലപരിധി 17 വർഷം നേരത്തെയാക്കാൻ സാധിക്കുന്നു. അതനുസരിച്ച് പൂർത്തീകരണം 2028 ഡിസംബർ ലേക്കാണ് ലക്ഷ്യമിട്ടുന്നത്.<br>• **പരിസ്ഥിതി അനുമതി (Environmental Clearance):** തുറമുഖത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി ആവശ്യമായ പരിസ്ഥിതി അനുമതികൾ (Environmental Clearance) സർക്കാർ ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ മുന്നേറ്റത്തിന് ഇത് പ്രധാനമായിരുന്നു.<br>• **ഔദ്യോഗിക ഉദ്ഘാടനം:** രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഔദ്യോഗികമായ ഉദ്ഘാടനം 24.01.2026-ൽ നടന്നു. ഇത് പദ്ധതിയുടെ അടുത്ത ഘട്ടത്തിലേക്കുള്ള വലിയൊരു ചുവടുവെപ്പാണ്.<br>• **അനുബന്ധ അടിസ്ഥാന സൗകര്യ വികസനം:** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം തന്നെ അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.<br>• വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയപാത (NH-66) - മായി ബന്ധിപ്പിക്കുന്ന താത്കാലിക കണക്റ്റിവിറ്റിക്ക് ഇപ്പോൾ NHAI-യുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടുണ്ട്. താൽക്കാലിക പാത ക്രമീകരണങ്ങൾക്കായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) കേരള റീജിയണൽ ഓഫീസർ 16-01-2026-ൽ അനുമതി നൽകുകയു ണ്ടായി. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. ഭാവിയിൽ ഔട്ടർ റിംഗ് റോഡും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വർദ്ധിച്ച കണ്ടെയ്നർ ട്രെയിലറുകളുടെ സുഗമമായ നീക്കം സാധ്യമാക്കുന്ന തിനായി സ്ഥിരമായ ഒരു ക്ലോവർലീഫ് ഇന്റർകണക്ഷൻ (Cloverleaf Interconnection) നിർമ്മിക്കുന്ന പദ്ധതി രൂപരേഖയും തയ്യാറാക്കി NHAI-ക്ക് സമർപ്പിച്ചിട്ടുണ്ട്<br>• റെയിൽ കണക്റ്റിവിറ്റി തുറമുഖ പദ്ധതിയുടെ ഒരു പ്രധാന അനുബന്ധ സൗകര്യമായാണ് നടപ്പിലാ ക്കുന്നത്. കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (KRCL) മുഖേന വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾക്കും നിർമ്മാണത്തിനുമായി ഭരണപരവും സാമ്പത്തിക വുമായ അനുമതികളുടെ അന്തിമ ഘട്ടത്തിലാണ്. AVPPL കമ്പനിയുമായുള്ള കരാർ പ്രകാരം 2028 ഡിസംബറോടെ റെയിൽ കണക്റ്റിവിറ്റി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടുന്നത്.<br><br>അതനുസരിച്ച്, രണ്ടാം ഘട്ട വികസനത്തിൽ വിഭാവനം ചെയ്തിട്ടുള്ള വർധിച്ച ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിക്ക് മൾട്ടിമോഡൽ കണക്റ്റിവിറ്റി വഴി പൂർണ്ണ പിന്തുണ |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനായി**,** റോഡ്-റെയിൽ അടിസ്ഥാന സൗകര്യങ്ങൾ ഘട്ടംഘട്ടമായും ഏകോപിപ്പിച്ചും നടപ്പിലാക്കി വരുന്നു**.** വിഴിഞ്ഞം തുറമുഖത്ത് നിന്നുള്ള കാര്യക്ഷമവും സുസ്ഥിരവുമായ ചരക്കുനീക്കം ഇതുവഴി സാധ്യമാകും**.** |
| (സി) | വിഴിഞ്ഞം തുറമുഖ പദ്ധതി മുഖേന കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കാമോ; | (സി) | വിഴിഞ്ഞം തുറമുഖം ഓപ്പറേഷൻ ആരംഭിച്ചതിന് ശേഷം **670-**ലധികം കപ്പലുകൾ കൈകാര്യം ചെയ്തിട്ടുണ്ട്**.** ഇതിൽ **40-**ലധികം **Ultra Large Container Vessels (ULCVs)** ഉൾപ്പെടുന്നു**. 2025** ഡിസംബർ വരെ തുറമുഖം **14.35** ലക്ഷം **TEU** കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു**.**<br><br>നിലവിൽ തുറമുഖം സ്ഥാപിത ശേഷിയുടെ 131% വർദ്ധിത ശേഷിയിലാണ് പ്രവർത്തിക്കുന്നത്, ഇത് ഒരു പുതുതായി ആരംഭിച്ച Greenfield Port-ന് അപൂർവമായ നേട്ടമാണ്. ആദ്യ വർഷത്തിലെ വാണിജ്യ പ്രവർത്തനത്തിൽ തന്നെ തുറമുഖം 10 ലക്ഷം TEU എന്ന മൈൽസ്റ്റോൺ പ്രതീക്ഷിച്ചതിനേക്കാൾ മുൻപേ കൈവരിച്ചുകൊണ്ട് വലിയ മികവ് കാഴ്ചവെച്ചിട്ടുണ്ട്.<br><br>ആഗോള ഷിപ്പിംഗ് ഭൂപടത്തിൽ ഇടം: തുറമുഖം ഇപ്പോൾ യൂറോപ്പ്, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ഏഷ്യയിലെ വിവിധ പ്രദേശങ്ങൾ, പശ്ചിമേഷ്യ, സൗത്ത് ആഫ്രിക്ക, ചൈന എന്നിവയിലേക്ക് നേരിട്ടുള്ള കണക്റ്റിവിറ്റി സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇന്ത്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് കണ്ടെയ്നർ തുറമുഖം എന്ന വിശേഷണത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവിടെ State-of-the-art automated cranes ഉം അത്യാധുനിക ടെർമിനൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പ്രവർത്തനക്ഷമത ഉയർത്തുന്നതിനും വേഗത വർധിപ്പി ക്കുന്നതിനും ഉപയോഗിക്കപ്പെടുന്നു.<br><br>ദേശീയ തലത്തിൽ നിരവധി റെക്കോർഡുകൾ വിഴിഞ്ഞം തുറമുഖം സ്വന്തമാക്കിയിട്ടുണ്ട്**.** ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ **MSC Irina-**യുടെ ബർത്തിംഗ്**,** അതോടൊപ്പം ഏറ്റവും വലിയ **deepest-draft** കണ്ടെയ്നർ കപ്പലായ **MSC Verona-**യുടെ ബർത്തിംഗ് തുടങ്ങിയ നേട്ടങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്**.** കൂടാതെ**,** ഒരു കപ്പലിൽ നിന്ന് ഏറ്റവും കൂടുതൽ കണ്ടെയ്നറുകൾ കൈമാറ്റം നടത്തിയ തുറമുഖം എന്ന ദേശീയ റെക്കോർഡും തുറമുഖം സ്ഥാപിച്ചു**.** |
| (ഡി) | അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ഏതെല്ലാം അനുമതികൾ വിഴിഞ്ഞം തുറമുഖത്തിന് ലഭിച്ചിട്ടുണ്ട്; ഏതെല്ലാം അനുമതികൾ ഇനി ലഭിക്കുവാനുണ്ട്; വിശദാംശം നൽകാമോ? | (ഡി) | അന്താരാഷ്ട്ര തുറമുഖമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനാ വശ്യമായ പ്രധാന അനുമതികൾ താഴെ പറയുന്നവയാണ്<br><br>• 2025 നവംബറിൽ വിഴിഞ്ഞം തുറമുഖത്തെ ഇമിഗ്രേഷൻ ചെക്ക് പോസ്റ്റായി അംഗീകരിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനത്തിലൂടെ അന്താരാഷ്ട്ര കപ്പൽ പാതയിലെ ഒരു പ്രധാന കണ്ടെയ്നർ ട്രാൻഷിപ്‌മെന്റ് ഹബ് ആകുന്നതിനോടൊപ്പം തന്നെ ഒരു പ്രധാന ക്രൂ ചേഞ്ച് ഹബ് ആയും വിഴിഞ്ഞം ശക്തിപ്പെടുന്നതാണ്.<br>• **ISPS Compliance Certificate**<br>• തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതി നായുള്ള ISPS Compliance Certificate കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും 25/09/2024 ന് ലഭിച്ചിട്ടുണ്ട്.<br>• വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് ആക്റ്റ് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിഴിഞ്ഞം തുറമുഖത്ത് കണ്ടെയ്നർ ഉൾപ്പടെയുള്ള ചരക്കുകൾ കയറ്റിറക്കുമതി ചെയ്യുന്നതിനുള്ള Customs Port ആയി പ്രഖ്യാപിച്ചു കൊണ്ട് 2024 ജൂൺ 24 ന് Central Board of Indirect Taxes and Customs (CBIC) ഉത്തരവ് നൽകിയിട്ടുണ്ട്.<br>• കസ്റ്റംസ് ആക്റ്റ് 1962, സെക്ഷൻ 8 പ്രകാരം, തുറമുഖത്തിലെ ലാന്റിംഗ് ഏരിയയുടെയും, കസ്റ്റംസ് ഏരിയയുടെയും പരിധി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനം 2024 ജൂൺ 24 ന് Central Board of Indirect Taxes and Customs (CBIC) നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45 മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു: കസ്റ്റംസ് ഏരിയ റഗുലേഷൻ 2009 ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.<br>• തുറമുഖത്തിന് കസ്റ്റംസ് വകുപ്പിൽ നിന്നും Location Code (IN NYY1) 2024 ജൂൺ 21 ന് ലഭിച്ചിരുന്നു. തുടർന്ന് UN-LOCODE യുടെ നിർദ്ദേശ പ്രകാരം Location Code (IN TRV1) എന്ന് മാറ്റി നാമകരണം ചെയ്തിട്ടുണ്ട്.<br>• Navigational Safety in Port Committee (NSPC) - യുടെ ക്ലിയറൻസ് 28/03/2024-ന് ലഭ്യമായിട്ടുണ്ട്.<br>• വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖത്തിന്റെ Navigation Chart പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>• KCZMA യുടെ ശുപാർശയോടെ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ Expert Appraisal Committee (EAC) യുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 10/03/2025 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും തുറമുഖത്തിന്റെ തുടർ ഘട്ടങ്ങൾക്കായുള്ള പാരിസ്ഥിതികാനുമതി ലഭിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ